**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3129** **07-10-2025 - ൽ മറുപടിയ്ക്ക്**

**ചക്കിട്ടപാറ പഞ്ചായത്തിലെ കുപ്പിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറ പഞ്ചായത്തിലെ കുപ്പിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും സുഭിക്ഷ കോക്കനട് പ്രൊഡ്യൂസർ കമ്പനിക്ക് നൽകിയതും നിലവിൽ പ്രവർത്തന രഹിതവുമായ ഗോഡൗൺ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ബാധ്യതകൾ തീർത്തു പാട്ടത്തിനെടുത്ത് ഹില്ലി അക്വാ കുപ്പിവെള്ള പ്ലാന്റ് നിർമാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചിരുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിനായി ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്കും, ധനകാര്യ സ്ഥാപനത്തിൽ നിന്നും പദ്ധതി ചെലവിനുള്ള തുക ലഭ്യമായാൽ ഉടൻ തന്നെ ടി പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ആവശ്യമായ രേഖകളും അപേക്ഷയും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിനും, ധനകാര്യ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ടി വസ്തുവും കെട്ടിടങ്ങളും പാട്ടത്തിന് കൈമാറി, ധനകാര്യ സ്ഥാപനത്തിൽ നിന്ന് വായ്പയും ലഭ്യമായാൽ 6 മാസത്തിനകം നിയമാനുസരണം പദ്ധതി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ